II ഇ.ബി.XIV-കേരള നിയമസഭ/V-14

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 മേയ് 16, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

48(* 421 ) നാളികേര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) നൽകിയ മറുപടിയിൽ, സമഗ്ര നാളികേര കൃഷി വികസനത്തിനായി കേരഗ്രാമം പദ്ധതിയിലൂടെ 250 ഹെക്ടർ വീതം വിസ്തൃതിയുള്ള 44 കേരഗ്രാമങ്ങൾ രൂപീകരിക്കുന്നതിനും ശാസ്ത്രീയ കൃഷി രീതികൾ അവലംബിച്ച് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും അത്യുത്പാദന ശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 300 ലക്ഷം

രൂപയും നാളികേരകൃഷിയുടെ വികസനത്തിനായി ഈ സാമ്പത്തികവർഷം 4500 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കാർഷിക മേഖലയിൽ വിദഗ്ധ തൊഴിലാളികളുടെ സേവനം ലഭ്യമാക്കുക, യന്ത്രവൽക്കരണം നടപ്പിലാക്കുക, കൃഷി ചെലവുകൾ ഗണ്യമായി കുറയ്ക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി കാർഷിക കർമ്മസേനകളും അഗ്രോസർവ്വീസ് സെന്ററുകളും ആരംഭിക്കാനും ഇവയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ഊർജ്ജിതപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി സംസ്ഥാനതല സമിതി രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. തവനൂർ കാർഷിക എഞ്ചിനീയറിംഗ് കോളേജ് ഗവേഷകരുടെ നേതൃത്വത്തിൽ തേങ്ങ പൊതിക്കാനും കൊപ്ര അടർത്താനുമുള്ള യന്ത്രങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ടെന്നും യന്ത്രവൽക്കരണം, മൂല്യവർദ്ധനവ് എന്നീ മേഖലകളിലെ ഗവേഷണ പ്രവർത്തനങ്ങൾക്കായി എഞ്ചിനീയറിംഗ് കോളേജുകളുടെയും കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളുടെയും സേവനം പ്രയോജനപ്പെടുത്തുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികളെ നോഡൽ ഏജൻസിയാക്കി സഹകരണസംഘങ്ങളെ ഉൾപ്പെടുത്തി നാളികേര സംഭരണം വ്യാപിപ്പിക്കുമെന്നും അഗ്രോ പാർക്കുകൾ ആരംഭിക്കുമെന്നും ഉൽപ്പന്നങ്ങൾ ബ്രാന്റ് ചെയ്ത് വില്പന നടത്തുന്നതിന് നടപടി സ്വീകരിക്കുമെന്നും മാമം

നാളികേര കോംപ്ലക്സിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

49(* 422 &* 442) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി

കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ജൈവ വൈവിധ്യത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ളതും പരിസ്ഥിതി സൗഹൃദവുമായ കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ പത്ത് കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്നും കേന്ദ്ര പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജനയിൽപ്പെടുത്തി 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് പി.ജി.എസ്. സർട്ടിഫിക്കേഷൻ നടത്തുന്നതിനും ജൈവഗ്രാമങ്ങൾ രൂപീകരിക്കുന്നതിനും കർഷകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകുന്നതിനുമായി നടപ്പു സാമ്പത്തികവർഷം 594.57 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഗുണമേന്മയുള്ള ജൈവവള ഉത്പാദനവും വിപണനവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ജൈവകൃഷി പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, വി.എഫ്.പി.സി.കെ., കുടുംബശ്രീ യൂണിറ്റുകൾ, കർഷക കൂട്ടായ്മകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സേവനങ്ങൾ

പ്രയോജനപ്പെടുത്തുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. അടുത്ത അഞ്ച് വർഷം കൊണ്ട് 50,000 ഹെക്ടർ സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുമെന്നും പച്ചക്കറിയുടെ ലഭ്യതയും വിപണനവും സുഗമമാക്കുന്നതിനായി ഒരു ഉത്പാദന പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്നും ജൈവ വളങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി കൃഷി വകുപ്പിലെയും കാർഷിക സർവ്വകലാശാലയിലെയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക സ്ക്വാഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വണ്ടൂർ ജില്ലാ പഞ്ചായത്തിൽ ഹോർട്ടി കോർപ്പിന്റെ ജില്ലാ സംഭരണ വിതരണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണെന്നും മണ്ണാർക്കാട് /അട്ടപ്പാടി ആദിവാസി മേഖലകളിലെ ജൈവ പച്ചക്കറി സംഭരിക്കുന്നതിനായി ഒരു പ്രത്യേക കേന്ദ്രമാരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും 192 ആദിവാസി ഊരുകൾ കേന്ദ്രീകരിച്ച് മില്ലറ്റ് വില്ലേജായി പ്രഖ്യാപിക്കാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ജൈവ പച്ചക്കറിയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ജി.എ.പി. സർട്ടിഫിക്കേഷൻ സമ്പ്രദായം ഏർപ്പെടുത്തുമെന്നും ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും ഓരോ ജില്ലയിലും ജൈവ പച്ചക്കറികൾ സംഭരിക്കുന്നതിനും സൂക്ഷിക്കുന്നതിനുമായി ശീതീകരണ / കൂൾ ചെയിൻ

സംവിധാനം ആരംഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി. മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും കൃഷി വകുപ്പിനെ അഴിമതി രഹിതമാക്കുന്നതിനായി സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുമെന്നും പാലക്കാട് ജില്ലയിൽ കൃഷിയിറക്കാത്ത നെൽകർഷകർക്ക് 6000 രൂപയുടെ സഹായധനം അനുവദിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

50 (*423 & *428) <u>കെ.എസ്.ആർ.ടി.സി.-യിൽ സമഗ്ര പുനരുദ്ധാരണ പാക്കേജ്</u>

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി) നൽകിയ മറുപടിയിൽ, 1000 പുതിയ സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും 300 കോടി രൂപ വായ്പയായി അനുവദിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും ഇതുസംബന്ധിച്ച ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് KIIFB-യുടെ പരിഗണനയിലാണെന്നും സമാന്തര സർവ്വീസുകൾ നിയന്ത്രിച്ചതിന്റെ ഫലമായി വരുമാനം വർദ്ധിച്ചിട്ടുണ്ടെന്നും വരുമാനം കുറവുള്ള സർവ്വീസുകൾ പുന:ക്രമീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ. ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ പ്രതിദിന ഇൻസെന്റീവ് നൽകുന്നുണ്ടെന്നും മെയിന്റനൻസ് വിഭാഗത്തിലെ

അസിസ്റ്റന്റ് വർക്ക്സ് മാനേജർമാരുടെ നേതൃത്വത്തിൽ ഫ്യൂവൽ സെൽ രൂപീകരിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ദീർഘദൂര യാത്രയ്ക്ക് എക്സ്പ്രസ്സ്/സൂപ്പർ ഡീലക്സ് ബസ്സുകളും സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനായി രണ്ട് പിങ്ക് ബസ് സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. -യെ പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്സ്ഡ് നാച്വറൽ ഗ്യാസിലേയ്ക്ക് മാറ്റുന്നതിനും തൊഴിലാളികളുടെ അനുപാതം വർദ്ധിപ്പിച്ച് അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്താനുതകുന്ന വിധത്തിൽ ആകർഷകമായ ഇൻസെന്റീവ്, ബാറ്റ, സാമ്പത്തിക പ്രോത്സാഹന പദ്ധതികൾ, സത്സേവനരേഖ മുതലായവ ഏർപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഫ്യൂവൽ കോംപ്ലക്സുകൾ മുഖേന ഇന്ധന വിതരണം നടത്തുന്നതിന് ഓയിൽ കമ്പനികളെ ചുമതലപ്പെടുത്തുന്നതിനും മെക്കാനിക്കൽ വിഭാഗത്തിൽ Work-norms പരിഷ്ക്കരിച്ച് ഉത്പാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം ഗുണമേന്മ ഉറപ്പാക്കുന്നതിനും മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബസ് സ്റ്റേഷനുകളിൽ സ്റ്റാളുകൾ, ക്യാന്റീൻ, ഷോപ്പിംഗ് കോംപ്ലക്സുകൾ, പരസ്യം പതിക്കൽ, കോഫി വെൽഡിംഗ് മെഷീൻ, എ.ടി.എം. കൗണ്ടർ, കൊറിയർ സർവ്വീസ് എന്നിവ മുഖേന വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. കാലപ്പഴക്കം ചെന്ന

ബസ്സുകൾ കണ്ടം ചെയ്യുന്നതിനും മികച്ച സാങ്കേതിക വിദ്യകളാൽ നിർമ്മിതമായതും ഇന്ധനക്ഷമത കൂടുതലുള്ളതുമായ ബസ്സുകൾ നിരത്തിലിറക്കി വരുമാനം വർദ്ധിപ്പിക്കാനുതകുന്ന നടപടികൾ സ്വീകരിക്കുന്നതാണെന്നും ഫാസ്റ്റ് പാസഞ്ചർ മുതൽ സൂപ്പർ ക്ലാസ് ശ്രേണി വരെയുള്ള ബസ്സുകളെ ഉൾപ്പെടുത്തി സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കൂടുതൽ ദൂരം സഞ്ചരിക്കുന്ന മിന്നൽ സർവ്വീസുകളും ചെയിൻ സർവ്വീസുകളും ആരംഭിക്കുന്ന കാര്യം പരിഗണനയിലാണെന്നും മന്ത്രി വ്യക്തമാക്കി. പ്രൊഫ. സുശീൽ ഖന്നയുടെ ഇന്റെറിം റിപ്പോർട്ടിന്റെയും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തൊഴിലാളി സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെയും അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ പുനരുദ്ധാരണ പാക്കേജ് ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതാണ്. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്ത ഹ്രസ്വകാല വായ്പകൾ ദീർഘകാലാടിസ്ഥാനത്തിലാക്കാൻ ശ്രമിക്കുമെന്നും പയ്യന്നൂർ, പാറശ്ശാല ഉൾപ്പെടെയുള്ള എല്ലാ ഡിപ്പോകളും പുന:ക്രമീകരിക്കുമെന്നും 140 നിയോജക മണ്ഡലങ്ങളിലും അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുമെന്നും കോഴിക്കോട്, അങ്കമാലി, തിരുവല്ല, തമ്പാനൂർ ബസ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തീകരിക്കുമെന്നും 2018 മുതൽ ജീവനക്കാരുടെ ശമ്പളവും പെൻഷനും കൃത്യമായി വിതരണം ചെയ്യുമെന്നും ഉപചോദ്യങ്ങൾക്ക്

മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3924 മുതൽ 3977 വരെയുള്ള ചോദ്യങ്ങളിൽ 81 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)